LIBRARY ARCHIVES Kerala Legislative Assembly

വർഷം	തുക
2016-17	ഇല്ല
2017-18	16,38,392
2018-19	19,57,662
2019-20	14,65,996
2020-21	18,43,051

(ബി) ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

4-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 119/2018/ധന. (ഖണ്ഡിക 2.8, 2.9, 2.10) ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

വിളയൂർ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി ബഡ്സ് സ്കൂൾ നിർമ്മാണം

48 (429) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച വിളയൂർ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി ബഡ്സ് സ്കൂൾ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതിക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ&ബി) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച വിളയൂർ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി ബഡ്സ് സ്കൂൾ എന്നീ പ്രവൃത്തികൾക്ക് നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകാൻ നിർവ്വാഹമില്ല.

എം.എൽ.എ. എ.ഡി.എസ്. പ്രവൃത്തികളുടെ പെൻഡിംഗ് ബില്ലുകളുടെ കണക്കുകൾ

49 (430) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ മുഖേന സമർപ്പിച്ച എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പെൻഡിംഗ് ബില്ലുകളുടെ കണക്കുകൾ വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പെന്റിംഗ്/അഡ്വാൻസ് ബില്ലുകളുടെ വിവരങ്ങൾ അറിയിക്കുമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച 2 പെൻഡിംഗ് ബില്ലുകളുണ്ട്.

(സി) വിവിധ വകുപ്പുകൾ മുഖേന എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആസ്തി വികസന പദ്ധതിയിൽ വരുന്ന ടെണ്ടർ എക്സസ്

50 (431) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ വരുന്ന ടെണ്ടർ എക്സസ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റേറ്റ് റിവിഷൻ, അപ്രതീക്ഷിതമായി വരുന്ന മറ്റ് കാര്യങ്ങൾ എന്നിവയാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഇതേ പ്രവൃത്തിയുടെ ടെണ്ടർ എക്സസ് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തിയുടെ ബാക്കി ഭാഗം പൂർത്തീകരിക്കുന്നതിന് അനുമതി നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) എങ്കിൽ ഇത്തരം സാഹചര്യങ്ങളിൽ പ്രത്യേകാനുമതി നൽകുന്നതിന് സന്നദ്ധമാവുമോയെന്ന് അറിയിക്കുമോ?

(എ-സി) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതികൾക്ക് ടെണ്ടർ എക്സസ്സ് അനുവദനീയമല്ല. ഓരോ എം.എൽ.എ.-മാർക്കും ഓരോ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിജപ്പെടുത്തികൊണ്ടാണ് മൊത്തം പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. അപ്രകാരം അനുമതി നൽകുന്ന ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയിൽ അധികരിച്ചുവരുന്ന തുക അനുവദിക്കുവാൻ ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നിർവ്വാഹമില്ല. എന്നാൽ ഒരു പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ നിജപ്പെടുത്തികൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly